## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 68

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,
ദൈവവചനം അനുഗ്രഹമാരിയായി, നിത്യരക്ഷയായി നമുക്ക് നൽകിയ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും വേദപുസ്തകസമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുവാൻ വേർതിരിച്ചിരിക്കുന്ന ദിനം ആണല്ലോ വേദപുസ്തക ഞായർ. **2022 ഡിസംബർ 4–ാം തീയതി** നാം സഭയായി വേദപുസ്തക ഞായർ ആയി ആചരിക്കുമ്പോൾ അന്നേദിവസം ആരാധന മദ്ധ്യേ ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഔദാര്യദാനങ്ങൾ സമർപ്പിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

വ്യത്യസ്തമായ വിശ്വാസങ്ങളും ഉപദേശങ്ങളും പിൻതുടരുന്ന സഭകൾ ഒരുമിച്ചു ചേർന്ന് ഭാരത ജനതയ്ക്ക് സത്യവേദപുസ്തകം നൽകുവാൻ ദൈവം നിയോഗിച്ച ഏറ്റവും ബൃഹത്തായ എക്യുമെനിക്കൽ പ്രസ്ഥാനമാണ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ. വേദപുസ്തക പരിഭാഷ, പ്രസാധനം, വിതരണം, ഇടപെടൽ എന്നിവയിലൂടെ വിവിധഭാഷാ സമൂഹങ്ങൾക്ക് അവരുടെ ഹൃദയഭാഷയിൽ, അവർക്ക് താങ്ങാനാകുന്ന വിലയ്ക്ക് ഏറ്റവും ആകർഷകമായി ദൈവവചനം ലഭ്യമാക്കി കൊടുക്കുക എന്ന നിയോഗം രണ്ട് നൂറ്റാണ്ടുകളിലേറെയായി ബൈബിൾ സൊസൈറ്റി നിർവ്വഹിക്കുന്നു. ഭാരതത്തിലെ 1652 ഭാഷകളിൽ 200–ൽ പരം ഭാഷകളിലേക്ക് ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലുള്ള 95 പരിഭാഷാ പദ്ധതികൾ പുരോഗമിക്കുന്നു. ഈ കഴിഞ്ഞ വർഷം 82,927 ബൈബിളുകൾ ഉൾപ്പെടെ 8,17,171 തിരുവചനഭാഗങ്ങൾ കേരളത്തിൽ വിതരണം ചെയ്യാൻ സാധിച്ചു. അതോടൊപ്പം പ്രകൃതി ദുരന്തത്തിൽ ബൈബിൾ നഷ്ടമായവർക്കും ബൈബിൾ നൽകുവാൻ കഴിഞ്ഞു.

ഭാരതത്തിലെ 17 ഓക്സിലിയറികളിലൂടെ നിർവ്വഹിക്കപ്പെടുന്ന ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അഭംഗുരം തുടരുവാൻ ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഔദാര്യ പൂർവ്വമായ സമർപ്പണവും അത്യന്താപേക്ഷിതമാണ്. നിലവിലെ ഗവൺമെന്റ് നിയമ പ്രകാരം ഒരു പാൻ നമ്പരിൽനിന്നും മറ്റൊരു പാൻനമ്പർ ഉള്ള സഭയിലേക്കോ, സ്ഥാപനങ്ങളിലേക്കോ മുമ്പ് ചെയ്തുവന്നിരുന്നതുപോലെ സംഭാവനകൾ നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വർഷം മുതൽ ഇടവകകളിൽ നിന്നുള്ള വേദപുസ്തക ഞായറാഴ്ചയിലെ കളക്ഷൻ അതാത് ഇടവകകളിൽ നിന്നും ഇടവകയുടെ പരിധിയിൽ ഉള്ള ബ്രാഞ്ച് ഭാരവാഹികൾ അന്നേ ദിവസമോ, പിൻ വരുന്ന ദിവസങ്ങളിലോ കടന്നുവന്നു ബൈബിൾ സൊസൈറ്റിയുടെ രസീതുകൾ നൽകി സ്വീകരിക്കുന്നതാണ്. പ്രാദേശിക ശാഖകളിലൂടെയും മാരാമൺ മണൽപുറത്തുള്ള ബൈബിൾ സൊസാറ്റിയുടെ സ്റ്റാളിലൂടെയും ഈ തുക അടയ്ക്കാവുന്നതാണ്. ബൈബിൾ സൊസൈറ്റിക്ക് ഇടവകയുടെ പേരിൽ രസീത് നൽകുവാൻ സാധിക്കാത്തതിനാൽ വ്യക്തികൾക്കോ, ഇടവകയുടെ ഭാരവാഹികളുടെ പേരിലോ അവ നൽകാവുന്നതാണ്. കവറിൽ ലഭിക്കുന്ന സ്തോത്രകാഴ്ചയുടെ/ ഡോർ കളക്ഷന്റെ ലിസ്റ്റ് (പേര്, വീട്ടുപേര്, തുക) ഇടവകയുടെ ചുമതലക്കാർ തയ്യാറാക്കി വയ്ക്കുകയും അവ ഇടവകയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ചെയ്യാവുന്നതാണ്.

ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു." (സങ്കീ. 119:105) എന്ന ദൈവവചനം നമ്മുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദർശനവും മാർഗദർശിയും ആകട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 നവംബർ 04–ാം തീയതി,

Theodosius
Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 68**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The Bible Sunday is a day set aside to praise and worship God who has given us His Word as a blessing and for eternal salvation, and to pray for the activities of the Bible Society. As we observe 4th December 2022 as Bible Sunday, we are encouraged to pray and submit offerings generously for the activities of the Bible Society, during worship on that day.

The Bible Society of India is a large ecumenical organization commissioned by God to bring together churches of different faith and doctrines to provide the people of India with the Holy Bible. For more than two centuries, the Bible Society has been fulfilling the mission through Bible translation, publication, distribution, intervention and also by making the Word of God available to different communities in their native language at a very attractive and affordable price. Out of 1652 languages in India, the Word of God has been published in more than 200 languages. 95 existing translation projects are in progress. During the last year, 8,17,171 Scripture readings including 82,927 Bibles were distributed in Kerala. Besides, Bibles were also given to those who lost their Bibles in natural calamities.

The sincere prayers and generous support of all are essential to continue the work of the Bible Society, which is carried out through 17 auxiliaries in India. As per the existing laws, donations cannot be directly transferred between accounts of churches or institutions having different PAN numbers, as it were done before. Thus from this year, the Bible Sunday collections must be collected by the respective parishes and remitted directly to the branch officers within the parish limits and receive receipts from the Bible Society on that day or on the following days. This amount may also be remitted to the local branches, or the stall of the Bible Society at Maramon Convention. As the Bible Society cannot issue receipts to the name of the parish, they can be issued to individuals or parish office bearers. A list (with the name, house name/address, and amount) of the offertory received in the cover /door collections may be prepared by the parish office bearers and published on the Parish notice board.

The co-operation of everyone in the work of the Bible Society is exhorted. *Your word is a lamp for my feet, a light on my path* (Psalm 119:105). May the Word of God give us a new vision and guide our actions.

Grace be with you all.

Dated 04 November 2022 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**